I/93885/2022

ഫയൽ നം : നംബർ.എച്ച് 4/5/റ്റിസി/2021 തിയതി : **19-10-2022**

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014
ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം. 9/2022**

വിഷയം :- മോട്ടോർ വാഹന വകുപ്പ് -2021— ലെ All India (Permit and Authorization) Rule - ആൾ ഇന്ത്യാ പെർമിറ്റ് വഹനങ്ങളിൽ നിന്നും നികുതി ഈടാക്കണമെന്ന നിർദ്ദേശം — സംബന്ധിച്ച്

പരാമർശം :- 1. MoRTH - ലെ 10/03/2021 – ലെ GSR166(E) നമ്പർഉത്തരവ്

2. ഈ ഓഫീസിൽ നിന്നുള്ള 03/04/2021— ലെ നമ്പർ*എച്ച്4/5/റ്റി.സി/2021* നിർദ്ദേശം.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. 2021— ൽ നിലവിൽ വന്ന All India [Permit and Authorization] Rule പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് All India Permit (in Form 3) എടുത്ത് സംസ്ഥാനത്തേക്ക് പ്രവേശിക്കുന്ന All India Tourist വാഹനങ്ങളിൽ നിന്നും കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3(5) പ്രകാരം ഷെഡ്യൂളിൽ നിഷ്കർഷിച്ചിട്ടുള്ള നികുതി ഈടാക്കേണ്ടതില്ല എന്ന് സൂചന (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ അവസരം ഉപയോഗപെടുത്തി കേരളത്തിൽ രജിസ്റ്റർ ചെയ്യേണ്ടതായ ചില All India Tourist വാഹനങ്ങൾ നാഗാലാന്റ്, ഒറീസ്സ, അരുണാചർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിനകത്തേക്ക് സർവ്വീസ് നടത്തി സംസ്ഥാനത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് All India Permit എടുത്ത് തമിഴ്നാട്ടിലേക്ക് സർവ്വീസ് നടത്തുന്ന All India Tourist Bus - കളിൽ നിന്നും തമിഴ്നാട് നികുതി ഈടാക്കി വരുന്നുണ്ട്. ഇത് തമിഴ്നാട് ഹൈക്കോടതി WP(C).No 19949/2021, WP(C) No. 19203/2021 എന്നീ കേസുകളിൽ ശരിവച്ചിട്ടുമുണ്ട്. ചുരുക്കത്തിൽ കേരളത്തിൽ രജിസ്റ്റർ ചെയ്ത തമിഴ്നാട്ടിലേക്ക് സർവീസ് നടത്തുന്ന All India Tourist വാഹനങ്ങൾക്ക തമിഴ്നാട്ടിലെ നികുതി അടയ്ക്കേണ്ടിവരുകയും എന്നാൽ തമിഴ്നാട്ടിൽ രജിസ്റ്റർ ചെയ്ത കേരളത്തിലേക്ക് സർവീസ് നടത്തുന്ന ഇത്തരം വാഹനങ്ങക്ക കേരളത്തിലെ നികുതി അടയ്ക്കേണ്ടതില്ലായെന്നുമുള്ള അവസ്ഥ സംജാതമായിട്ടുണ്ട്. ആയതിനാൽ അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് All India Permit എടുത്ത് കേരളത്തിലേക്ക് പ്രവേശിക്കുന്ന എല്ലാ ടൂറിസ്റ്റ് ബസ്സുകളിൽ നിന്നും 01/11/2022 മുതൽ കേരള മോട്ടോർ വാഹന ടാക്സേഷൻ നിയമത്തിലെ സെക്ഷൻ 3(5) പ്രകാരം Schedule - ൽ പറഞ്ഞിട്ടുള്ള നിരക്കിൽ നികുതി ഈടാക്കേണ്ടതാണ്. ഇത്തരത്തിൽ നികുതി ഈടാക്കുമ്പോൾ Circular 28/2016 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

I/93885/2022

Signed by
S Sreejith I P S
Date: 19-10-2022 19:31:45

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ചെക്ക് പോസ്റ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും